LIBRARY ARCHIVES Kerala Legislative Assembly

ജീവപര്യന്തം തടവുകാരുടെ മോചന ശുപാർശ

25 [3076] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രിസൺ റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ കമ്മിറ്റി രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കമ്മിറ്റി എത്ര ജീവപര്യന്തം തടവുകാരെ മോചിപ്പിക്കുന്നതിനാണ് ശുപാർശ നൽകിയിട്ടുള്ളതെന്നും അവരാരൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) ഇവരെ എന്നത്തേക്ക് വിടുതൽ ചെയ്യാൻ കഴിയുമെന്ന് പറയാമോ;

(ഡി) ഇത്തരത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 31-3-2004-ലെ ജി.ഒ. (എം.എസ്.) 130/2004/ഹോം എന്ന ഉത്തരവ് പ്രകാരം.

(ബി ആന്റ് സി) 134 തടവുകാരെ മോചിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നവരിൽ അധികാരപ്പെട്ട കോടതി അനുവദിച്ച സെറ്റ് ഓഫ് ഉൾപ്പെടെ എട്ടു വർഷം ശിക്ഷ പൂർത്തിയാക്കിയവരേയും കുറ്റകൃത്യത്തിന്റെ സ്വഭാവം, തടവുകാരന്റെ വിടുതൽ, സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, മോചിപ്പിക്കപ്പെട്ടാൽ അത് തടവുകാരന്റെ സാമൂഹ്യമായ പരിവർത്തനത്തിനും പുനരധിവാസത്തിനും ഗുണകരമാകുമെന്ന് ബോധ്യപ്പെടുന്നവരേയും, ശിക്ഷാ കാലാവധിക്കു മുമ്പ് മോചിപ്പിക്കാൻ പ്രിസൺ റിവ്യൂ കമ്മിറ്റിക്കു ശുപാർശ ചെയ്യാം. ടി ശുപാർശ വിശദമായ പരിശോധനയ്ക്കുശേഷം സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്.

ജയിലിൽ കിടന്നു മരിക്കാനിടയാകുന്ന തടവുകാർ

26 [3077] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ ഏതെങ്കിലും തടവുകാർ മരണമടഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?